# പതിനാലാം കേരള നിയമസഭ
# (പത്താം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:2817** **12.03.2018-ൽ മറുപടിയ്ക്ക്**

**<u>തലശ്ശേരി നിയോജക മണ്ഡലത്തിലെ മത്സ്യബന്ധന വകുപ്പ് പദ്ധതികൾ</u>**

| <u>ചോദ്യം</u><br>ശ്രീ.എ. എൻ. ഷംസീർ | <u>മറുപടി</u><br>ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
|---|---|
| എ) മത്സ്യബന്ധന വകുപ്പ് 2017-18 സാമ്പത്തിക വർഷത്തിൽ തലശ്ശേരി നിയോജക മണ്ഡലത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിച്ച പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ ; ഓരോ പ്രവൃത്തിയും ഏതാണെന്നും ആയതിന്റെ നിലവിലുള്ള അവസ്ഥ എന്താണെന്നും വ്യക്തമാക്കാമോ ? | എ) മത്സ്യബന്ധന വകുപ്പ് 2017-18 സാമ്പത്തിക വർഷത്തിൽ തലശ്ശേരി നിയോജക മണ്ഡലത്തിൽ ഭൂരഹിത-ഭവന രഹിത മത്സ്യത്തൊഴിലാളികൾക്ക് സ്ഥലം കണ്ടെത്തി വീട് നിർമ്മിക്കുന്ന പദ്ധതി (10 ലക്ഷം) പ്രകാരം 46 പേർക്ക് ആനുകൂല്യം അനുവദിച്ചിട്ടുണ്ട്. ഭവന നിർമ്മാണ ധനസഹായ ത്തിന് (4 ലക്ഷം) 8 പേർക്ക് ആനുകൂല്യം അനുവദിച്ചു. ഫിഷറീസ് വകുപ്പിനു കീഴിലുള്ള ചാലിൽ ഗോപാലപേട്ടയിലുള്ള 1.60 ഏക്കർ സ്ഥലം മത്സ്യത്തൊഴിലാളികൾക്ക് ഫ്ളാറ്റ് നിർമ്മിച്ചു നൽകുന്നതിന് കണ്ടെത്തിയിട്ടുണ്ട്.<br><br>2016-17 സാമ്പത്തിക വർഷം ആർ.ഐ.ഡി.എഫ്. XXII ൽ ഉൾപ്പെടുത്തി അംഗീകാരം നൽകിയ 163 ലക്ഷം രൂപയുടെ "ഇൻഫ്രാസ്ട്രക്ച്ചർ വർക്ക്സ് റിലേറ്റഡ് വിത്ത് എസ്റ്റാബ്ലിഷ്മെന്റ് ഓഫ് ഇൻഡോർ ഹാച്ചറി ഫെസിലിറ്റീസ് ഇൻ ഇരഞ്ഞോളി ഫിഷ് ഫാം, കണ്ണൂർ" എന്ന പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള അപ്രോച്ച് റോഡിന്റെയും കരിമീൻ ബ്രീഡിംഗ് യൂണിറ്റിന്റേയും ഫീഡ് / ഫെർട്ടിലൈസർ ഷെഡിന്റേയും നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ആഫീസർ